S N D P H S S






SNDPHSS NEELEESWARAM

NEELEESWARAM , KALADY


# Editorial Board


| | |
|---|---|
| CHAIR PERSON | GOPIKA S |
| VICE CHAIR PERSON | SNEHA BABY |
| STUDENT COORDINATOR | ANNA MARIA TOMY |
| TEACHERS IN CHARGE | AMBILY OMANAKUTTAN |
| | MANJU RAJAN |

*ഇതൾ*

## ഉള്ളടക്കം

ദൈവദശകം – ശ്രീനാരായണഗുരു....1
സ്ത്രീ സുരക്ഷ രാജ്യ സുരക്ഷ....2
വായന കുട്ടികളിലേക്ക്....3
അദ്ധ്യാപകദിനം....6
എ.പി.ജെ. അബ്ദുൽ കലാം....9
കലാമിന്റെ ശ്രദ്ധേയമായ ചില മൊഴികൾ....10
ഗ്രാമഭംഗി....12
മയിൽപ്പീലി....13
IMPORTANCE OF TEACHER IN OUR LIFE....14
PRIME MINSTERS OF INDIA....15
IMPORTANCE OF ENGLISH....16
ABBREVIATIONS....17



# ദൈവദശകം - ശ്രീനാരായണഗുരു

ദൈവമേ! കാത്തുകൊൾകങ്ങു കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ- രാവിവൻതോണി നിൻപദം.

ഒന്നൊന്നായെണ്ണിയെണ്ണി ത്തൊ- ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം നിന്നിലസ്പന്ദമാകണം.

അന്നവസ്ത്രാദി മുട്ടാതെ തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു- തന്നെ ഞങ്ങൾക്കു തമ്പുരാൻ.

ആഴിയും തിരയും കാറ്റും- ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും നീയുമെന്നുള്ളിലാകണം.

നീയല്ലോ സൃഷ്ടിയും സ്രഷ്ടാ- വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി- യ്ക്കുള്ള സാമഗ്രിയായതും

നീയല്ലോ മായയും മായാ- വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി – സ്സായൂജ്യം നൽകുമാര്യനും.

നീ സത്യം ജ്ഞാനമാനന്ദം നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ- ല്ലോതും മൊഴിയുമോർക്കിൽ നീ.

അകവും പുറവും തിങ്ങും മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു ഭഗവാനേ, ജയിയ്ക്കുക.

ജയിയ്ക്കുക മഹാദേവ, ദീനാവനപരായണാ,
ജയിയ്ക്കുക ചിദാനന്ദ, ദയാസിന്ധോ ജയിയ്ക്കുക.

ആഴമേറും നിൻ മഹസ്സാ- മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം വാഴണം വാഴണം സുഖം.


# സ്ത്രീ സുരക്ഷ രാജ്യ സുരക്ഷ

സ്ത്രീ അമ്മയാണ് സഹോദരിയാണ് മകളാണ്. സ്ത്രീ എന്ന അമ്മയിൽനിന്നാണ് നാം എല്ലാവരും ജനിച്ചത്. ഏതൊരു സമൂഹത്തിന്റെ ഉയർച്ച എടുത്തുനോക്കിയാലും അതിനുപിന്നിൽ ഒരു സ്ത്രീ ശക്തിയുണ്ടാകും. പക്ഷേ നാം അത് കാണാതെപോകുന്നു എന്നുമാത്രം. സ്ത്രീകളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടേണ്ടത് ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിൽ അനിവാര്യമാണ്.മനുഷ്യ പുരോഗതിക്കായി നാം ഉപയോഗപ്പെടുത്തുന്ന നൂതന സാങ്കേതിക വിദ്യകൾതന്നെ സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്യുന്നതിനായി ദുരുപയോഗം ചെയ്യപ്പെടുന്നു എന്നത് ഏറെ ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾക്ക് പുറമെയാണ് അവരുടെ സ്വകാര്യത ലംഘിക്കുന്ന ഇത്തരം അതിക്രമങ്ങൾ.സ്ത്രീകൾക്കെതിരെ വർധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ നേരിടാൻ നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്.ഈ പോരായ്മ പരിഹരിക്കുന്നതിനായി സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും നിയമപരമായി സംരക്ഷിക്കപ്പെടുന്നതിനു പര്യാപ്തമായൊരു നിയമം കൊണ്ട് വരുന്നതിനു സർക്കാർ ഉദ്ദേശിക്കുന്നു.

Gopika S

IX D

# വായന കുട്ടികളിലേക്ക്



"വായിച്ചു വളർന്നാൽ വിളയും. വായിക്കാതെ വളർന്നാൽ വളയും" -കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ വായനയുടെ മഹത്വത്തെ കാണിക്കുന്നു. പുസ്തകത്തിലൂടെ വളരാത്തവർ വെറും മൃഗമാണ് എന്നെഴുതികൊണ്ട് പുസ്തകത്തിന്റെ മഹത്വം ഷേക്സ്പിയർ ചൂണ്ടികാട്ടുന്നു. മനുഷ്യന്റെ വളർച്ചയിലെ ഒരു പ്രധാനഘട്ടമായിരുന്നു എഴുത്തും വായനയും അഭ്യസിക്കൽ. അങ്ങനെ നേടിയ വിജ്ഞാനത്തിന്റെയും അത് സൃഷ്ടിച്ച വികസനത്തിന്റെയും കഥ പറയുന്നവയാണ് പുസ്തകങ്ങൾ. അവ ചിന്തകളുടെ നിറകുടങ്ങളാണ്. ഗ്രന്ഥപാരായണം വിദ്യാർഥികൾ നിർബന്ധമായും ശീലിക്കേണ്ട ഒരു സ്വഭാവമാണ്. ചെറുപ്പത്തിൽ തന്നെ വായനശീലം വളർത്തിയെടുക്കണം. ഇതിന് ഏറ്റവും ഉചിതമായ സമയം വിദ്യാഭ്യാസകാലമാണ്. വിദ്യാഭ്യാസത്തെ ഗ്രന്ഥപാരായണം എന്നതിന് കേവലം പാഠപുസ്തകങ്ങളുടെ പഠനം എന്ന അർത്ഥം മാത്രമല്ല ഉള്ളത്. പാഠപുസ്കങ്ങളിൽ നിന്ന് നമുക്ക് പലതിനെപ്പറ്റിയുള്ള പ്രാഥമികമായ അറിവേ ലഭിക്കുകയുള്ളൂ. കൂടുതൽ അറിയുന്നതിന് നാം കൂടുതൽ ഗ്രന്ഥങ്ങൾ വായിക്കണം. ഗ്രന്ഥപാരായണം നടത്തുമ്പോൾ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. വിദ്യാഭ്യാസകാലത്തെ ഗ്രന്ഥപാരായണം,പഠനത്തെ പരിപോക്ഷിപ്പിക്കുന്ന തരത്തിലുള്ളതായിരിക്കണം. ശാസ്ത്രീകഥകളും, ചരിത്രകഥകളുമെല്ലാം ഇതിനുദാഹരണങ്ങളാണ് . പഠനത്തിൽ നിന്ന് ചിന്തതിരിക്കുന്ന തരത്തിലുള്ള ഗ്രന്ഥങ്ങൾ വായിക്കുന്നത് ഗുണത്തെക്കാളേറെ ദോഷമായിരിക്കും ചെയ്യുക. അതികൊണ്ട് പുസ്തകം തിരഞ്ഞെടുക്കുന്നത് വളരെ ശ്രദ്ധയോടുകൂടി വേണം. പുസ്തകം വെറും ഒരു സുഹൃത്തല്ല,ഒരു ഉത്തമ സുഹൃത്താണ്.

*ഇതൾ*

വായനയിലൂടെയാണ് നല്ല വ്യക്തിത്വം രൂപപ്പെടുന്നത്. സമൂഹത്തിൽ നല്ല വ്യക്തികളായിത്തീരണമെങ്കിൽ നല്ല വായന ശീലമാക്കണം. ...... 'വായന ഒരാളെ പൂർണനാക്കുന്നു' എന്ന് പ്രശസ്ത ചിന്തകനും എഴുത്തുകാരനുമായ ഫ്രാൻസിസ് ബേക്കൺ. വായന ചിന്തോദ്ദീപകമായ പ്രവർത്തനമാണ്, അറിവിന്റെ സ്രോതസ്സ്..സാമൂഹിക, സാമ്പത്തികമേഖലകളിലെ വളർച്ചയും വികാസവും നാം അറിയുന്നതും വായനയിലൂടെയാണ്..സമൂഹത്തിൽ ഉയർന്നവരാനാഗ്രഹിക്കുന്ന ഏതൊരാളും വായനയെ അതിനുള്ള പ്രധാന പടവായി കാണണം. വിശാലമായ കാഴ്ചപ്പാടുകളും വായന നമുക്ക് സമ്മാനിക്കുന്നു. വ്യക്തികളിൽ ആത്മവിശ്വാസവും ആശയവിനിമയശേഷിയും നിർമിക്കുന്നതിൽ വായനയ്ക്ക് വളരെ വലിയ പങ്കുണ്ട്. ഭാഷ ഉപയോഗിക്കുന്നതിലും സംസാരിക്കുന്നതിലും വായനയിലൂടെ...ലഭിക്കുന്ന അറിവിന് പ്രാധാന്യമുണ്ട്. സൃഷ്ടിപരമായ പ്രവൃത്തികളുടെ അടിത്തറ രൂപം കൊള്ളുന്നത് വായിക്കുന്ന രീതിയെ അടിസ്ഥാനപ്പെടുത്തിയായിരിക്കും. ചുരുക്കത്തിൽ ഒരു വ്യക്തിയുടെ സമൂലവ്യക്തിത്വത്തെ രൂപവത്കരിക്കുന്നതിൽ വായന വലിയ പങ്ക് വഹിക്കുന്നുണ്ട്.ചെറിയപ്രായം മുതൽതന്നെ വിദ്യാർഥികളെ വായനയിലേക്ക് അടുപ്പിക്കുന്ന രീതിയിൽ വേണം പാഠഭാഗങ്ങൾ വിഭാവനം ചെയ്യാൻ. മാതാപിതാക്കളും അധ്യാപകരും ഇക്കാര്യങ്ങളിൽ വളരെ ശ്രദ്ധിക്കണം..പഠനത്തിന്റെ ആദ്യകാലങ്ങളിൽ കുഞ്ഞിക്കവിതകളും കഥകളും വായിച്ചുകൊടുക്കണം. കൗതുകവും താത്പര്യവും ജനിപ്പിക്കുന്ന ...വിധത്തിലാവണം അവ അവതരിപ്പിക്കേണ്ടത്. സമീപത്തുള്ള ലൈബ്രറികളിൽ അംഗത്വം എടുക്കുന്നതും ഒഴിവുസമയങ്ങളിൽ വായനശാല സന്ദർശിക്കുന്നതും അഭിലഷണീയമാണ്. സ്കൂളിൽ ലൈബ്രറി ഉണ്ടെങ്കിൽ അതും പ്രയോജ.നപ്പെടുത്തുക..

ഇതൾ

വിജ്ഞാനത്തിന് മാത്രമല്ല വിനോദത്തിനായും വായനയിൽ മുഴുകുന്നവർ ധാരാളം. ഒരാളിലെ മികച്ച കഴിവുകളെ പുറത്തെടുക്കുന്നതിൽ വായനയ്ക്കുള്ള..സ്ഥാനം ചെറുതല്ല..സമൂഹത്തിൽ ഉയർന്ന പദവികളിലേക്കുവരുന്ന വ്യക്തികളെല്ലാം വായനയിലൂടെ ഉയർത്തപ്പെട്ടവരാണ്.ധാരാളം വായിക്കുന്നതിലല്ല, മറിച്ച് വായനയെ എങ്ങനെ സമീപിക്കുന്നു എന്നതിലാണ് വിജയം കുടികൊള്ളുന്നത്

SNEHA BABY

IX D

# അദ്ധ്യാപകദിനം



അധ്യാപകരുടെ അർപ്പണബോധത്തേയും സഹിഷ്ണതയും ബഹുമാനിക്കേണ്ടത് രാഷ്ട്രത്തിനാവശ്യമാണെന്ന ചിന്തയിൽ നിന്നാണ് അദ്ധ്യാപക ദിനം ആചരിക്കുന്നത് അദ്ധ്യാപകദിനമായി തിരഞ്ഞെടുത്തത് ഭാരതം എക്കാലവും ആദരിക്കുന്ന പ്രഗല്ഭ അധ്യാപകനും ഇന്ത്യയുടെ രാഷ്ട്രപതിയുമായിരുന്ന ഡോക്ടർ എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ സെപ്തംബർ 5 ആണ്. പുതു തലമുറയെ അദ്ധ്യാപനത്തിൻറെ മഹത്വം അറിയിക്കാനായാണ് ഇങ്ങനെ ഒരു ദിനം ആചരിക്കുന്നത്. അന്നേ ദിവസം വിദ്യാലയങ്ങളിൽ നടത്തുന്ന പ്രത്യേക പരിപാടികൾ അദ്ധ്യാപക വിദ്ധ്യാർത്ഥി ബന്ധത്തിന് ശക്തി പകരുന്നു. മെച്ചപ്പെട്ട ജനതയെ കരുപ്പിടിപ്പിക്കുന്നതിൽ അദ്ധ്യാപകന്റെ പങ്ക് അനിഷേദ്ധ്യമാണ്. അവരുടെ മഹിമ സ്വയം മനസ്സിലാക്കി പ്രവർത്തിക്കാൻ അദ്ധ്യാപകർ ഒരുങ്ങേണ്ടതാണ്.കേവലം പാഠപുസ്തകങ്ങൾക്കപ്പുറം അറിവിന്റെയും വിവേകത്തിന്റെയും ജീവിതത്തിന്റെയും മൂലവത്തായ പാഠങ്ങൾ പകർന്നു നൽകുന്നമനുഷ്യനെ സമൂഹ ജീവിയായി വളർത്തുന്നതിൽ ഏറ്റവുമധികം പങ്ക് അവൻറെ അദ്ധ്യാപകർക്കാണ്. ആദ്യം അക്ഷരങ്ങൾ പിന്നെ വാക്കുകർ, വാക്യങ്ങൾ അങ്ങനെയങ്ങനെ അറിവിൻറെ പുതിയ ചക്രവാളങ്ങളിലേക്ക് മനുഷ്യന് നടന്നടുക്കണമെങ്കിൽ നല്ല അദ്ധ്യാപകരുടെ ശിക്ഷണം കൂടിയേ തീരൂ.ഇക്കാരണങ്ങൾക്കൊണ്ട് തന്നെ അധ്യാപകരുടെ ചുമതലയും ഉത്തരവാദിത്വവും ഏറെ വർദ്ധിക്കുകയാണ്. അധ്യാപകൻ ഏറ്റവും നല്ല ഒരു വിദ്യാർത്ഥികൂടിയാകണം. അതിനാൽ പഠനമാണ് അധ്യാപകന്റെ മുഖ്യ കടമ. കാലത്തിനനുസരിച്ച് എല്ലാം മാറുമ്പോൾ മാറ്റത്തെ

സമ്പൂർണ്ണമായി ഉൾക്കൊള്ളാനും, സ്വാംശീകരിക്കുവാനുള്ള പഠനവും പരമപ്രധാനമാണ്. ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക മേഖലകളിൽ അനു നിമിഷം ഉണ്ടാവുന്ന മാറ്റങ്ങളെ കണ്ടെത്താനും വിദ്യാർത്ഥികൾക്ക് പകർന്നുനൽകാനും അധ്യാപകർക്കു കഴിയുമ്പോൾ മാത്രമാണ് അധ്യാപനം ആസ്വാദ്യകരമായി മാറുന്നത്. കേരളത്തിലാണെങ്കിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനൊപ്പം ആധുനിക വൽക്കരിക്കുകയുമാണ്. ഇതിന്റെ സന്ദേശ വാഹകർ കൂടിയായി അധ്യാപകർ മാറണം. ഈ സന്ദേശം സമൂഹത്തിൽ എല്ലാ തലങ്ങളിലും എത്തിച്ച് പൊതുവിദ്യാഭ്യാസത്തെ ശാക്തീകരിക്കേണ്ടത് വർത്തമാനകാലത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് അധ്യാപകദിനത്തിൽ ഓരോ അധ്യാപകന്റെയും മനസ്സിൽ പുതിയ ആശയങ്ങൾ ഉല്പാദിപ്പിക്കപ്പെടണം.'മാതാ പിതാ ഗുരു ദൈവം' എന്ന ഭാരതീയ വാക്യം തന്നെ ഭാരതത്തിൽ ഗുരുനാഥൻമാർക്ക് എത്രമാത്രം പ്രാധാന്യം നൽകുന്നു എന്നതിന് തെളിവാണ്. പഴയ കാലത്ത് നൽകി വന്നിരുന്ന ബഹുമാനം ഇന്ന് അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല എന്നത് തന്നെയാണ് സത്യം. അറിവിന്റെ സംവേദനത്തോടൊപ്പം മാനവികതയുടെ വികാസവും സമന്വയിക്കപ്പെടുമ്പോൾ മാത്രമാണ് വിദ്യാഭ്യാസം പൂർണ്ണമാകുന്നത്. അതുകൊണ്ട് അക്കാദമിക് വളർച്ചയോടൊപ്പം അക്കാദമികേതര മേഖലയിലെ വളർച്ചയും വിദ്യാഭ്യാസ ലക്ഷ്യമായി ഉണ്ടാകണം. അക്കാദമികേതര മേഖലകളിൽ കുട്ടിയുടെ സർഗ്ഗപരമായ കഴിവുകളുടെ വികാസത്തിലൂടെ ലക്ഷ്യമിടുന്നത് കുട്ടിയുടെ മനസിന്റെ ശുദ്ധീകരണമായിരിക്കണം. അതിലൂടെ മാത്രമേ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ നിർവ്വചനമായ മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നത് അർത്ഥ പൂർണ്ണമാകാൻ കഴിയുകയുള്ളൂ. ഈ നിർവ്വചനത്തിന്റെ പൂർണ്ണതയിലേയ്ക്ക് തലമുറയെ വാർത്തെടുക്കുക എന്നതാണ് അധ്യാപകനിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്നത്. ആ പ്രതീക്ഷ നിറവേറ്റപ്പെടുമ്പോൾ

*ഇതൾ*

മാത്രമെ അധ്യാപക ദിനങ്ങൾ പ്രയോഗികമായും ദാർശനികമായും വിജയിക്കുകയുള്ളൂ.പുതിയ തലമുറകളുടെ വിദ്യാഭ്യാസ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാനും വിജ്ഞാനത്തിന്റെ അനന്ത വിഹായസ്സിലേയ്ക്ക് അവരെ കൈപിടിച്ച് നടത്തുന്നതിനുമുള്ള മഹത്തായ ഈ യജ്ഞം കേവലം ഒരു ഔദ്യോഗിക പരിപാടിയല്ല. ജനങ്ങളുടെ മനസ്സ് നിറഞ്ഞ പങ്കാളിത്തത്തോടെയുള്ള ജനകീയ മഹായജ്ഞമാണ്. അതിന്റെ മുന്നിൽ നിന്ന് നയിക്കേണ്ടവരാണ് അധ്യാപകർ.

STEPHEN PETER

IX C



# എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നപ്രശസ്തനായമിസൈൽ സാങ്കേതികവിദ്യാവിദഗ്ദ്ധനും എഞ്ചിനീയറുമായിരുന്ന ഇദ്ദേഹം.തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം (DRDO), ബഹിരാകാശഗവേഷണകേന്ദ്രം (ISRO) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക്ക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണുവായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

*ഇതൾ*

2020 ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും ഇന്ത്യ **2020** എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതികവിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. apj@abdulkalam.com എന്ന തന്റെ ഇ-മെയിൽ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.

# കലാമിന്റെ ശ്രദ്ധേയമായ ചില മൊഴികൾ

1. സ്വപ്നങ്ങൾ യാഥാർത്ഥ്യമാവണമെങ്കിൽ അദ്യം സ്വപ്നങ്ങൾ കാണുക

2. കഷ്ടപാടുകൾ ആവശ്യമാണ്, എങ്കിലേ നേട്ടങ്ങൾ ആസ്വദിക്കാനാവൂ

3. നാം ഇന്നത്തേക്ക് കുറച്ച് ത്യാഗങ്ങൾ സഹിച്ചാലേ നമ്മുടെ കുട്ടികൾക്ക് നല്ലൊരു നാളെയെ നൽകാനാവൂ.

4. ഇന്ത്യ തന്റേടത്തോടെ തലയുയർത്തി നിന്നാലെ ബഹുമാനിക്കപ്പെടൂ. ഈ ലോകത്ത് ഭയപ്പെടുത്തലുകൾക്ക് യാതൊരു സ്ഥാനവുമില്ല. ശക്തരേ മറ്റ് ശക്തരെ ബഹുമാനിക്കുകയുള്ളൂ.

5. കഠിനാധ്വാനം ചെയ്യുന്നവരെ മാത്രമേ ദൈവം തുണയ്ക്കൂ.ഉറപ്പിച്ചു പറയാവുന്ന ഒരു തത്ത്വമാണത്.

6. എവറസ്റ്റ് കീഴടക്കാനോ നിങ്ങളുടെ തൊഴിൽ മേഖലയിൽ ഉന്നതിയിലെത്താനോ, ഏതായിരുന്നാലും വേണ്ടത് ശക്തിയും ആർജ്ജവവുമാണ്.

7. മതം എന്നത് മഹാന്മാർക്ക് സുഹൃത്തുക്കളെ സമ്പാദിക്കാനുള്ള മാർഗ്ഗമാണ്. അല്പമാർക്ക് അതൊരു ആയുധവും.

8. ചോദ്യങ്ങൾ ചോദിക്കുക എന്നതാണ് ഒരു നല്ല വിദ്യാർത്ഥിയുടെ ലക്ഷ്യം . നമ്മുടെ കുട്ടികൾ ചോദിക്കട്ടെ.

9. ഒരോ കുട്ടിയും വ്യത്യസ്തനാവാൻ ശ്രമിച്ചുകൊണ്ടിരിക്കും. എന്നാൽ ലോകരാവട്ടെ, അവരെ മറ്റുള്ളവരെ പോലെ തന്നെയാക്കിയാലേ അടങ്ങൂ എന്ന ശഠിക്കുന്നു.

ALBIN POULOSE

IX D



# ഗ്രാമഭംഗി

കനകച്ചിലമ്പഴിഞ്ഞാ പുതുനാമ്പുകൾ

വർഷിച്ചുനിൽക്കുന്ന കണിക്കൊന്നകൾ

ചിരിതൂകിനിൽക്കുന്ന വെള്ളിയാമ്പലുകൾ

മധുരോദാരംപോൽ പ്രഭാതത്തിലെ ചിലമ്പൊലികൾ

മറയുന്നെൻ വയലോരങ്ങൾ

പൂത്തുനിൽക്കുന്ന മന്ദാരത്തെനോക്കി ഞാൻ

വിതുമ്പിപ്പറഞ്ഞുവെൻ ഗ്രാമത്തിൻ വശ്യത

ഓർക്കുന്നു ഞാനാ പൂരപ്പൊലിമയും

കണ്ണഞ്ചിപ്പിക്കുന്ന മായാകാഴ്ചകളും

കൊയ്ത്തുപാട്ടിന്റെ ഈണവും

നിറഞ്ഞൊഴുകുന്ന പുഴകളും നീന്തികളിക്കുന്ന മീനും

പൂത്തുലഞ്ഞ വാകയും

അമ്മക്കിളിതൻ കുറുങ്ങലും

കുഞ്ഞിക്കിളിതൻ കൊഞ്ചലും

എല്ലാമിന്നൊരോർമ്മമാത്രമായ്

നീറുന്നിന്നെൻ നെഞ്ചകം.



# മയിൽപ്പീലി

മായാത്തൊരോർമ്മപോലെന്നും

മനസ്സിനുള്ളിലൊളിപ്പിക്കാൻ

എനിക്കെന്നും നീ മാത്രമല്ലേ സഖീ

പുസ്തകതാളിനുള്ളിൽ

സൂക്ഷിച്ച നിന്നെ ഞാൻ രഹസ്യമായ്

സൂര്യനിൽ നിന്നെന്നും രക്ഷിച്ച ഞാൻ

നീലയിൽ മുങ്ങിയ നിന്നെ

സ്നേഹമായ് കണ്ടു ഞാനെന്നും

മൃദുലമാം നിൻ പീലികൾ തൊടുമ്പോൾ

എൻ മനം മഞ്ഞുതുള്ളിയായ് മാറും

ഒരുനാൾ നീയും കാറ്റിൽ പറക്കും

എന്നിൽനിന്നകന്നുപോകും

ഒരുനാളും വിസ്മരിക്കരുതേ

നിൻ പ്രിയസുഹൃത്തിനെ.

ALBINO AJI

IX A

# IMPORTANCE OF TEACHER IN OUR LIFE

Teachers should be the best mind in the country. A teacher that provides the right encouragement and direction to the students, can actually help them grow in to a fine young individuals of tomorrow, by importing values such as perseverance, hardworking, determination and respect. Right from the child's toddler days,his interaction with parentslike figures begings and goes right in to his adult hood, and while the face that interact with him may change over the years, the role remains constant. The way a teacher influences a child in his life, is different in different phases, depends on the situations 'Teachers are the most responsible and important person of society as their professional effort affects the fate of the earth'.

MANASI RAMESH

IX B

# PRIME MINSTERS OF INDIA

| | |
|---|---|
| JAWAHARLAL NEHRU | : 1947 – 1964 |
| GULZARI LAL NANDA | : |
| LAL BAHADUR SHASTRI | : 1964 – 1966 |
| GULZARI LAL NANDA | : |
| INDIRA GANDHI | : 1966 – 1977 |
| MORARJI DESAI | : 1977 – 1979 |
| CHAUDHARY CHARAN SINGH | : 1979 – 1980 |
| INDIRA GANDHI | : 1980 – 1984 |
| RAJIV GANDHI | : 1984 – 1989 |
| VISHWANATH PRATAP SINGH | : 1989 – 1990 |
| CHANDRA SHEKHAR | : 1990 – 1991 |
| P.V.NARASIMHA RAO | : 1991 – 1996 |
| ATAL BIHARI VAJPAYEE | : 1996 – 1996 |
| H.D.DEVA GOWDA | : 1996 – 1997 |
| L.K. GUJRAL | : 1997 – 1998 |
| ATAL BIHARI VAJPAYEE | : 1998 – 2004 |
| DR.MANMOHAN SINGH | : 2004 – 2014 |
| NARENDER MODI | : 2014 – |

GANGA BIJU

IX B

# IMPORTANCE OF ENGLISH

English is an International language. English should be the medium of inspection of India. English is a very important language. English plays a vital role in a persons life. English is the password to a secure future. In a globalized world, it is the important to know English. If we want a good job we must know English, because the exams and interviews are in English language. One must have vocabulary, fluency, and good comment on English. Then only one can survive in better English.

Now a days a lot of Indians are migrating to other countries for job, education and even for settlements. Without knowing English they cannot performing well. English is a comfortable language. It is essay to learn and speak. But it should be a grammatical way. Now a days at national and international levels exams are conducted in English. English must be included in our syllabus. So that one easily learn English. Now a days most of the people are using english instead of their mother language.

MEHEREEN M M

X C

# ABBREVIATIONS

COMPUTER : Common Oriented Machine Particularly United and Used Under Technical and Educational Research

GOOGLE : Global Organization of Oriented Group Language of Earth

YAHOO : Yet Another Hierarchical Officious Oracle

WINDOW : Wide Interactive Network Developed for Office Work

UPS : Uninterruptible Power Supply

DVD : Digital Video Disk

LCD : Liquid Crystal Display

SIM : Subscribes Identity Module

RAM : Random Access Memory

USB : Universal Serial Bus

ATHIRA P V

X C

# PHOTO GALLERY

## പ്രവേശനോത്സവം



# ലോക ലഹരിവിരുദ്ധദിനം



# സ്വാതന്ത്ര്യദിനം


Business Loans Up to 1cr
NJT FINANCE
CALL NOW
എസ്.എൻ.ഡി.പി. ഹൈസ്കൂൾ നീലീശ്വരം
സ്വാതന്ത്ര്യദിന റാലി

# കർഷകദിനം



# അദ്ധ്യാപകദിനം



# ഓണാഘോഷം



# ശിശുദിനം



## നമ്മുടെ വിദ്യാലയത്തിന്റെ സമ്പൂർണ്ണ ഹൈടെക്ക്പ്രഖ്യാപനം



## നൈതീകം - സ്കൂൾ ഭരണഘടന



ഇതൾ

# വിദ്യാലയം പ്രതിഭകൾക്കൊപ്പം






# THANKS